കില
വാർത്താപത്രിക

VOLUME-12
ISSUE-1
JANUARY 2019

info@kila.ac.in | NEWSLETTER OF KERALA INSTITUTE OF LOCAL ADMINISTRATION (KILA) | www.kila.ac.in

തൃശ്ശൂർ ജില്ലയിലെ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ 2018-19 വാർഷിക പദ്ധതിനിർവഹണ പുരോഗതി അവലോകനയോഗത്തിൽ മന്ത്രി **എ.സി.മൊയ്തീൻ** സംസാരിക്കുന്നു

തദ്ദേശഭരണസ്ഥാപനങ്ങൾ പദ്ധതികളുടെ ഗുണനിലവാരം ഉയർത്തണമെന്നു മന്ത്രി എ.സി. മൊയ്തീൻ

തദ്ദേസ്വയംഭരണസ്ഥാപനങ്ങൾ പദ്ധതികളുടെ ഗുണനിലവാരം ഉയർത്തണമെന്നു മന്ത്രി എ.സി.മൊയ്തീൻ. തങ്ങളുടെ വികസനപ്രവർത്തനങ്ങളിൽനിന്ന് തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ പിറകോട്ടു പോകരുതെന്നും മന്ത്രി നിർദ്ദേശിച്ചു. തൃശ്ശൂർ ജില്ലയിലെ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ 2018-19 വാർഷിക പദ്ധതി നിർവഹണപുരോഗതി അവലോകനയോഗത്തിൽ സംസാരിക്കുകയായിരുന്നു മന്ത്രി. ജനങ്ങളുടെ അടിസ്ഥാന ക്ഷേമത്തിനായി നടപ്പാക്കാനുദ്ദേശിക്കുന്ന പ്രവർത്തനങ്ങളിൽ തടസ്സങ്ങളുണ്ടെങ്കിൽ അതു സർക്കാരിനെ അറിയിക്കണം. അതു ഗൗരവത്തോടെ കണ്ട് സർക്കാർ പ്രവർത്തിക്കും. 57.06 ശതമാനമാണ് തദ്ദേശസ്ഥാപനങ്ങളുടെ വാർഷികപദ്ധതി കണക്ക്. ഇതുയർത്തുന്നതിനു ഓരോ ജില്ലയ്ക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. മികച്ച പ്രവൃത്തികൾ നടപ്പാക്കാൻ കാലതാമസം ആരുത്. ഫണ്ടിന്റെ പ്രശ്നങ്ങളുണ്ടെങ്കിൽ അറിയിക്കണം. അതു പരിഹരിക്കുന്നതിനു സർക്കാർ നടപടി സ്വീകരിക്കും. തദ്ദേശസയംഭരണസ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥർ ജനങ്ങൾക്കു വേണ്ടിയാണ് പ്രവർത്തിക്കുന്നതെന്ന ബോധ്യമുണ്ടാകണം. അടിസ്ഥാനവികസന പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കൻ ഉദ്യോഗസ്ഥർ മുൻകൈ എടുക്കണം. ജില്ലാപഞ്ചായത്ത് പ്രസിഡന്റ് മേരി തോമസ് അദ്ധ്യക്ഷയായിരുന്നു. അഡീഷ്ണൽ ചീഫ് സെക്രട്ടറി ടി.കെ. ജോസ് സംസാരിച്ചു. ജില്ലാപഞ്ചായത്ത് വൈസ് പ്രസിഡന്റ് എൻ. കെ.ഉദയപ്രകാശ്, കലക്ടർ ടി.വി.അനുപമ, പഞ്ചായത്ത് ഡയറക്ടർ എച്ച്.ദിനേശൻ, ഗ്രാമവികസന കമ്മീഷ്ണർ എൻ. പത്മകുമാർ, നഗരവികസന ജോയിന്റ് ഡയറക്ടർ ബൽരാജ്, കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ ഹരി കിഷോർ, കില ഡയറക്ടർ ഡോ.ജോയി ഇളമൺ, പഞ്ചായത്ത് അഡീഷ്ണൽ ഡയറക്ടർ അജിത്കുമാർ, ജില്ല പ്ലാനിംഗ് ഓഫീസർ ടി.ആർ.മായ എന്നിവർ പങ്കെടുത്തു.

കർണാടക സർവകലാശാല വൈസ് ചാൻസലർ കില സന്ദർശിച്ചു

കർണാടക സ്റ്റേറ്റ് റൂറൽ ഡെവലപ്മെന്റ് ആന്റ് പഞ്ചായത്ത് രാജ് യൂണിവേഴ്സിറ്റി വൈസ് ചാൻസലർ പ്രൊഫ. ഡോ.തിമ്മയ്യ ഗൗഡയും രജിസ്ട്രാർ സുരേഷ് വി. നന്ദ ഗൗഡരും കില സന്ദർശിച്ചു. യൂണിവേഴ്സിറ്റിയുടെ വികസനപ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട വിഷയങ്ങൾ ചർച്ച ചെയ്യാനാണ് ഇരുവരുമെത്തിയത്. കില ഡയറക്ടർ ഡോ.ജോയ് ഇളമൺ, അസോസിയേറ്റ് പ്രൊഫസർമാരായ ഡോ.ജെ.ബി.രാജൻ, ഡോ. പീറ്റർ എം.രാജ്, അസി.ഡയറക്ടർ മാത്യു ആൻഡ്രൂസ് തുടങ്ങിയവർ ചർച്ചയിൽ പങ്കെടുത്തു.

തദ്ദേശസ്വയംഭരണവകുപ്പ്: വാർത്തകളും അറിയിപ്പുകളും

വയോജനജാഗ്രതാസമിതികൾ

സമൂഹത്തിലെ ഏറെ പരിഗണന അർഹിക്കുന്ന വയോജനങ്ങളുടെ ക്ഷേമം മുൻനിർത്തി വയോജനങ്ങൾക്കു നേരെയുണ്ടാകുന്ന സ്വാതന്ത്ര്യനിഷേധം, അവകാശലംഘനം, അതിക്രമങ്ങൾ എന്നിവയ്ക്കെതിരെ ഇടപെടാനും പരിഹരിക്കാനും തദ്ദേശസ്ഥാപനതലത്തിൽ വയോജനജാഗ്രതാസമിതികൾ രൂപീകരിക്കാൻ ഉത്തരവായി. ഗ്രാമപഞ്ചായത്ത് പ്രസിഡന്റ്, സി.ഡി.എസ് ചെയർപേഴ്സൺ, ക്ഷേമകാര്യസ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ, പഞ്ചായത്ത് സെക്രട്ടറി, ഐ.സി.ഡി.എസ് സൂപ്രവൈസർ, മെഡിക്കൽ ഓഫീസർ, സിറ്റിസൺ ഫോറത്തിലെ അംഗം, വില്ലേജ് ഓഫീസർ, എന്നിവരായിരിക്കും ജാഗ്രതാസമിതിയിലെ അംഗങ്ങൾ

സിദ്ധ ഡിസ്പെൻസറികളിലേക്കുള്ള മരുന്നുകൾ

തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ കീഴിലുള്ള സിദ്ധ ഡിസ്പെൻസറികളിലേക്കുള്ള മരുന്നുകൾ ഔഷധിയിൽനിന്ന് ഐ.എം.പി.സി.സി പി.എസ് (ഇന്ത്യൻ മെഡിക്കൽ പ്രാക്ടീഷ്ണേഴ്സ് കോ-ഓപ്പറേറ്റീവ് ഫാർമസി ആന്റ് സ്റ്റോഴ്സ്) ൽനിന്നാണ് വാങ്ങുന്നത്. എന്നാൽ പ്രസ്തുത സൊസൈറ്റി സർക്കാർ സ്ഥാപനങ്ങൾക്കു നൽകുന്ന 25 ശതമാനം കിഴിവ് ഔഷധി കൈപ്പറ്റുകയും തദ്ദേശസ്ഥാപന ഡിസ്പെൻസറികൾക്കു നൽകാതിരിക്കുകയുമാണ് ഇപ്പോൾ ചെയ്യുന്നത്. അതുകൊണ്ട് ഡിസ്കൗണ്ട് തദ്ദേശസ്ഥാപന ഡിസ്പെൻസറികൾക്കു ഔഷധി നൽകേണ്ടതാണെന്നും അല്ലാത്ത പക്ഷം ഡിസ്പെൻസറികൾ ഐ.എം.പി.സി.സി.പി.എസിൽനിന്ന് നേരിട്ടു വാങ്ങേണ്ടതാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്. (സർക്കുലർ നമ്പർ ഡി.എ1/814/2018 തസ്വഭവ.17.12.2018)

പൊതുമരാമത്തു പ്രവൃത്തികളിൽ പ്ലാസ്റ്റിക്ക് ഉപയോഗിക്കണം

തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ നടത്തുന്ന എല്ലാ ടാറിംഗ് പ്രവൃത്തികൾക്കും ഷെഡ്രഡ് പ്ലാസ്റ്റിക്ക് ഉപയോഗപ്പെടുത്തേണ്ടതാണെന്നും അവ ക്ലീൻ കേരള കമ്പനിയിൽനിന്ന് ലഭ്യമാക്കണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്. അതിനാൽ ഇനിയുള്ള എല്ലാ ടാറിംഗ് പ്രവൃത്തികളിലും ഷെഡ്രഡ് പ്ലാസ്റ്റിക്ക് നിർബന്ധമായും ഉപയോഗിക്കണമെന്നും അതിന്റെ വിശദാംശങ്ങൾ തദ്ദേശഭരണസ്ഥാപനത്തിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കണമെന്നും നിർദ്ദേശിച്ച് ചീഫ് എഞ്ചിനീയർ 5.12.18 ലെ ഡി.ബി.3/4620/12 ബി. ഇ.തസ്വഭവ നമ്പറായി സർക്കുലർ പുറപ്പെടുവിച്ചു.

അക്രഡിറ്റേഷനു പുതുക്കിയ പരിശോധനാഫോറം

തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ പദ്ധതികൾ ഏറ്റെടുത്തു നടത്തുന്നതിനു ഏജൻസികൾക്കു അക്രഡിറ്റേഷൻ നൽകിവരുന്നു. അക്രഡിറ്റേഷനുവേണ്ടി സമർപ്പിക്കുന്ന അപേക്ഷകൾ പരിശോധിക്കാൻ വിഷയമേഖലാ വിദഗ്ദ്ധരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. അപ്രകാരം സമർപ്പിക്കുന്ന അപേക്ഷകളുടെ പരിശോധനാറിപ്പോർട്ടിന്റെ ഫോറം പരിഷ്ക്കരിച്ച് ഉത്തരവായി. 22.12.2018 ലെ സ.ഉ.(സാധാ) 3226/18 തസ്വഭവ ഉത്തരവിൽ പരിഷ്ക്കരിച്ച ഫോറവും ലഭ്യമാണ്.

തൊഴിലുറപ്പുപദ്ധതി ജില്ലാകമ്മിറ്റികൾ

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പുപദ്ധതിയിൽ സാധനഘടകം ഉൾപ്പെടുത്തി പ്രവൃത്തികൾ ഏറ്റെടുക്കേണ്ടിവരുമ്പോൾ സാധനങ്ങളുടെ പലതിന്റെയും ലോക്കൽ നിരക്കുകൾ സോഫ്റ്റ് വെയറിൽ ലഭ്യമല്ലാതെ വരുന്നു. അതിന്റെ നോൺ-ഡി.എസ്.ആർ സാധനങ്ങളുടെ ലോക്കൽ നിരക്കുകൾ നിശ്ചയിക്കുന്നതിനു ഓരോ ജില്ലയിലും താഴെ പറയുന്നവരെ ഉൾപ്പെടുത്തി പ്രാദേശിക കമ്മിറ്റികൾ രൂപീകരിച്ച് ഉത്തരവായിട്ടുണ്ട്. 17.12.18 ലെ സ.ഉ.(സാധാ) 3159/18 തസ്വഭവ. നമ്പറായാണ് ഉത്തരവു വന്നിട്ടുള്ളത്. ജോയിന്റ് പ്രോഗ്രാം കോർഡിനേറ്ററാണ് കമ്മിറ്റിയുടെ അദ്ധ്യക്ഷൻ. എക്സിക്യൂട്ടീവ് എഞ്ചിനീയർ/അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ തദ്ദേശഭരണം, പ്രിൻസിപ്പൽ കൃഷി ഓഫീസർ, സോയിൽ സർവെ ജില്ലാ ഓഫീസർ, തെരഞ്ഞെടുക്കപ്പെട്ട ബ്ലോക്ക് പഞ്ചായത്തിലെ ഒരു അക്രഡിറ്റഡ് എഞ്ചിനീയർ എന്നിവർ കമ്മിറ്റിയിലെ മെമ്പർമാരുമാണ്.

കുഷ്ഠരോഗ സർവേ

സംസ്ഥാനത്ത് കുഷ്ഠരോഗികളുടെഎണ്ണം വർദ്ധിച്ചുവരുന്നുവെന്ന റിപ്പോർട്ടിനെ തുടർന്ന് ഈ രോഗം തുടക്കത്തിൽ തന്നെ കണ്ടുപിടിച്ച് ചികിത്സിക്കുന്നതിന്റെ ഭാഗമായി സർവേ നടത്തുന്നുണ്ട്. ഈ സർവേക്കുവേണ്ട എല്ലാ സഹായവും ചെയ്യാൻ തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്കു നിർദ്ദേശം നൽകിയിട്ടുണ്ട്. (സർക്കുലർ നമ്പർ ഡി.എ1/881/2018. തീയതി26.12.2018

ഗ്രാമപഞ്ചായത്ത് സേവനങ്ങളും നിബന്ധനകളും

ഗ്രാമപഞ്ചായത്തുകളിൽനിന്നു നൽകുന്ന സേവനങ്ങളും നിബന്ധനകളും സംബന്ധിച്ച് ജനപ്രതിനിധികൾക്കും ഉദ്യോഗസ്ഥർക്കുമുള്ള ദ്വിദിന പരിശീലനം കിലയിൽ സംഘടിപ്പിച്ചു. കില ഡയറക്ടർ ഡോ.ജോയ് ഇളമൺ ഉദ്ഘാടനം ചെയ്തു. അസോസിയേറ്റ് പ്രൊഫ. ഡോ.പീറ്റർ എം. രാജ്. കോർഡിനേറ്റർ എം.രേണുകുമാർ എന്നിവർ സംസാരിച്ചു. ജനന-മരണ-വിവാഹ രജിസ്ട്രേഷനുകൾ, ക്ഷേമപദ്ധതികൾ, പെർമിറ്റുകൾ, ലൈസൻസുകൾ എന്നിവ സംബന്ധിച്ച പുതിയ ഉത്തരവുകളും മാർഗ്ഗരേഖകളും പരിശീലനവിഷയങ്ങളിൽ ഉൾപ്പെടും. ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർ, സെക്രട്ടറിമാർ, ജൂനിയർ സൂപ്രണ്ട്/ഹെഡ്ക്ലാർക്ക്, ബന്ധപ്പെട്ട ക്ലാർക്കുമാർ എന്നിവരാണ് പരിശീലനത്തിൽ പങ്കെടുത്തത്. ഗ്രാമപഞ്ചായത്തുകളിൽനിന്നു നൽകുന്ന സേവനങ്ങളും അവയുടെ നിബന്ധനകളും സംബന്ധിച്ച പരിഷ്ക്കരിച്ച കൈപ്പുസ്തകവും പരിശീലനത്തിനായി തയ്യാറാക്കിയിട്ടുണ്ട്. പുതിയ നിയമങ്ങളും മാർഗ്ഗരേഖകളും പരിഷ്ക്കരിച്ച പുസ്തകത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. സംസ്ഥാനത്തെ മുഴുവൻ ഗ്രാമപഞ്ചായത്തുകളിലും ഇതുസംബന്ധിച്ച പരിശീലനം നൽകും. പി.പി.ഉദയസിംഹൻ, കെ.ജി.വിജയകൃഷ്ണൻ, അബ്ദുൾ റസാഖ്, രാജേശ്വരി മേനോൻ, കെ.എൻ. വിമൽകുമാർ, പി.എൻ. വിനോദ് കുമാർ എന്നിവർ പരിശീലനത്തിനു നേതൃത്വം നൽകി.

ഗ്രാമപഞ്ചായത്ത് വികസനപദ്ധതി(ജി.പി.ഡി.പി) വെല്ലുവിളികളും സാദ്ധ്യതകളും ചർച്ചചെയ്യാൻ കിലയിൽ സംഘടിപ്പിച്ച ദ്വിദിന ശില്പശാല മുൻ ചീഫ് സെക്രട്ടറി **എസ്.എം.വിജയാനന്ദ്** ഉദ്ഘാടനം ചെയ്യുന്നു

ഗ്രാമപഞ്ചായത്ത് വികസനപദ്ധതി: കിലയിൽ ദ്വിദിന ദക്ഷിണേന്ത്യൻ ശില്പശാല

ഗ്രാമപഞ്ചായത്ത് വികസനപദ്ധതി(ജി.പി.ഡി.പി)യുടെ വെല്ലുവിളികളും സാദ്ധ്യതകളും ചർച്ചചെയ്യാൻ കിലയിൽ ദ്വിദിന ദക്ഷിണേന്ത്യൻ ശില്പശാല സംഘടിപ്പിച്ചു. ഗുജറാത്തിലെ സേതു അഭിയാനുമായി ചേർന്നു കഴിഞ്ഞ ഡിസംബർ 21, 22 തീയതികളിൽ സംഘടിപ്പിച്ച ശില്പശാല മുൻ സംസ്ഥാന ചീഫ് സെക്രട്ടറി എസ്.എം. വിജയാനന്ദ് ഉദ്ഘാടനം ചെയ്തു. സേതു അഭിയാൻ പ്രസിഡന്റ് ബിനോയ് ആചാര്യ സ്വാഗതമാശംസിച്ചു. ശില്പശാലയുടെ ലക്ഷ്യങ്ങളെക്കുറിച്ച് കില ഡയറക്ടർ ഡോ.ജോയ് ഇളമൺ വിശദീകരിച്ചു. കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷൻ ജനറൽ സെക്രട്ടറി അഡ്വ.പി.വിശ്വംഭരപ്പണിക്കർ സംസാരിച്ചു. പഞ്ചായത്ത് രാജ് മന്ത്രാലയം സ്പെഷൽ സെക്രട്ടറി ബാലപ്രസാദ്, കേന്ദ്ര ഗ്രാമ വികസനമന്ത്രാലയം മുൻ ജോയിന്റ് സെക്രട്ടറി എസ്.എസ് മീനാക്ഷിസുന്ദരം, കർണാടകയിലെ ഗ്രാമവികസനവകുപ്പു ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ ശില്പ നാഗ്, എന്നിവർ സംബന്ധിച്ചു. സേതു അഭിയാനിലെ ശ്രേഷ്ടറോയ് ഉദ്ഘാടനച്ചടങ്ങിൽ നന്ദി പറഞ്ഞു. കേന്ദ്ര പഞ്ചായത്ത് രാജ് മന്ത്രാലയത്തിലെ ഉദ്യോഗസ്ഥർ, സംസ്ഥാന പ്ലാനിംഗ് ബോർഡ് പ്രതിനിധികൾ, തെലങ്കാന, ആന്ധ്രാപ്രദേശ്, കർണാടക, കേരള, തമിഴ്നാട്, എന്നീ സംസ്ഥാനങ്ങളിൽനിന്നുള്ള തദ്ദേശഭരണസ്ഥാപനങ്ങളിലെ ജനപ്രതിനിധികൾ, അക്കാദമിക് പ്രവർത്തകർ, സാമൂഹ്യപ്രവർത്തകർ എന്നിവരും ശില്പശാലയിൽ പങ്കെടുത്തു. രണ്ടുദിവസങ്ങളിലായി നടന്ന വിവിധ വിഷയാധിഷ്ഠിത സെഷനുകളിൽ ആദ്യത്തേത് അഞ്ചു ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിലെ ഗ്രാമപഞ്ചായത്ത് വികസനപദ്ധതിയുടെ അവസ്ഥയും അവലോകനവുമായിരുന്നു. മുൻ ചീഫ് സെക്രട്ടറി എസ്.എം.വിജയാനന്ദ് അദ്ധ്യക്ഷനായിരുന്നു. പ്രൊഫ.എം. ഗോപിനാഥ റെഡ്ഡി (തെലുങ്കാന),ഡോ.ജി.ഗണേശ് പ്രസാദ് (കർണാടക), സത്യവാണി ഗാന്ധം (ആന്ധ്രപ്രദേശ്), ഡോ.ജി.പളനിദുരൈ (തമിഴ്നാട്), കില അസോസിയേറ്റ് പ്രൊഫ.ഡോ. ജെ.ബി.രാജൻ എന്നിവർ സംസാരിച്ചു. രണ്ടും മൂന്നും സെഷനുകളിൽ കില പ്രൊഫ. ഡോ. സണ്ണി ജോർജും അഡ്വ.വിശ്വംഭരപ്പണിക്കരും അദ്ധ്യക്ഷത വഹിച്ചു.

ഗ്രാമപഞ്ചായത്തുകൾ, സംസ്ഥാന-ദേശീയ പരിശീലന കേന്ദ്രങ്ങൾ, ഇവയുമായി ബന്ധപ്പെട്ടു പ്രവർത്തിക്കുന്നവർ, ഇവരുടെയെല്ലാം ഗ്രാമപഞ്ചായത്ത് വികസനപദ്ധതി (ജി.പി.ഡി.പി) അനുഭവങ്ങൾ പങ്കുവയ്ക്കുക, സാദ്ധ്യതകൾ കണ്ടെത്തുക, പദ്ധതിയുടെ നിർവഹണ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുക എന്നതായിരുന്നു ശില്പശാലയുടെ ലക്ഷ്യം. കേരളത്തിലെ ജനകീയാസൂത്രണ പദ്ധതി മറ്റു സംസ്ഥാനങ്ങളിലേക്കുകൂടി വ്യാപിപ്പിക്കാൻ കേന്ദ്രം തീരുമാനിച്ച സാഹചര്യത്തിൽ ഈ ശില്പശാലയ്ക്കു പ്രത്യേക പ്രാധാന്യമുണ്ട്.

ആദിവാസി വിദ്യാർത്ഥികൾക്കു കില അഗളി കേന്ദ്രത്തിൽ മെഡിക്കൽ ക്യാമ്പ്

ആദിവാസി വിദ്യാർത്ഥികൾക്കായി കില അഗളി കേന്ദ്രത്തിൽ മെഡിക്കൽ ക്യാമ്പ് സംഘടിപ്പിച്ചു. 6,7 ക്ലാസ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികളാണ് ക്യാമ്പിൽ പങ്കെടുത്തത്. വിദ്യാഭ്യാസത്തിലൂടെ ആദിവാസി വിദ്യാർത്ഥികളെ ആത്മാഭിമാനമുള്ളവരാക്കി മാറ്റുക, അവരുടെ സർഗ്ഗാത്മകത വർദ്ധിപ്പിക്കുക ആരോഗ്യം പരിരക്ഷിക്കുക തുടങ്ങിയ ലക്ഷ്യത്തോടെ കില നടത്തുന്ന മുന്നോട്ട് എന്ന പദ്ധതിയുടെ ഭാഗമായി അട്ടപ്പാടിയിലെ വിവിധ സ്കൂളുകളിലെ 150 വിദ്യാർത്ഥികൾക്കു ശനി, ഞായർ ദിവസങ്ങളിൽ വിവിധ പഠന-പഠനേതര വിഷയങ്ങളിൽ പരിശീലനം നൽകുന്നുണ്ട്. ഇതുമായി ബന്ധപ്പെട്ടാണ് മെഡിക്കൽക്യാമ്പും. ഇവർക്കുള്ള ആരോഗ്യകാർഡുകൂടി തയ്യാറാക്കി കഴിഞ്ഞു. ഡോ.അജിത്, ഡോ.അഞ്ജലി എന്നിവർ ക്യാമ്പിനു നേതൃത്വം നൽകി. പ്ലസ്ടു വരെ വിദ്യാർത്ഥികൾക്കുള്ള ഈ പദ്ധതി തുടരും.

ആദിവാസി വിദ്യാർത്ഥികൾക്കായി കില അഗളി കേന്ദ്രത്തിൽ സംഘടിപ്പിച്ച മെഡിക്കൽ ക്യാമ്പ്

പ്ലാസ്റ്റിക്ക് മാലിന്യത്തെ ശാസ്ത്രീയമായി റോഡുനിർമ്മാണത്തിനും മറ്റും ഉപയോഗപ്പെടുത്താവുന്ന സാങ്കേതികരീതികൾ പരിചയപ്പെടുത്തുന്ന മൂന്നുദിവസത്തെ പരിശീലനപരിപാടിയിൽ പത്മശ്രീ **ഡോ.ആർ.വാസുദേവൻ** സംസാരിക്കുന്നു

പ്ലാസ്റ്റിക്ക് മാലിന്യം ഇനി റോഡുനിർമ്മാണത്തിനും കിലയിൽ എഞ്ചിനിയർമാർക്കു പരിശീലനം

പ്ലാസ്റ്റിക്ക് മാലിന്യത്തെ ശാസ്ത്രീയമായി റോഡുനിർമ്മാണത്തിനും മറ്റ് പ്ലാസ്ററിക്ക് അധിഷ്ഠിത ഉൽപ്പന്നങ്ങളുടെ നിർമ്മാണത്തിനും ഉപയോഗപ്പെടുത്താവുന്ന സാങ്കേതിക രീതികൾ പരിചയപ്പെടുത്തുന്ന മൂന്നുദിവസത്തെ പരിശീലനപരിപാടിക്കു കില വേദിയായി. ബ്ലോക്ക് പഞ്ചായത്തുകളിലെ അസി.എക്സിക്യൂട്ടീവ് എഞ്ചിനിയർമാർ, ജില്ലാപഞ്ചായത്തുകളിലേയും പൊതുമരാമത്തുവകുപ്പിലേയും എക്സിക്യൂട്ടീവ് എഞ്ചിനിയർമാർ, നഗരസഭകളിലേയും കോർപ്പറേഷനുകളിലേയും എക്സിക്യൂട്ടീവ് എഞ്ചിനിയർമാർ എന്നിവരാണ് പരിശീലനത്തിൽ പങ്കെടുത്തത്.

പ്ലാസ്റ്റിക്ക് മാലിന്യം ഉപയോഗിച്ചു പോളിമറൈസ്ഡ് റോഡുനിർമ്മാണത്തിനുള്ള സാങ്കേതികവിദ്യയുടെ ഉപജ്ഞാതാവ് പത്മശ്രീ ഡോ.ആർ.വാസുദേവന്റെ നേതൃത്വത്തിലുള്ള ടീമാണ് പരിശീലനപരിപാടിക്കു നേതൃത്വം നൽകിയത്. കിലയുടേയും ക്ലീൻ കേരള കമ്പനിയുടെയും സംയുക്താഭിമുഖ്യത്തിലായിരുന്നു പരിശീലനം. സാങ്കേതിക സെഷനുകൾക്കു പുറമെ പ്രായോഗിക പരിശീലനവും പരിശീലനാർത്ഥികൾക്കു നൽകിയിരുന്നു. കില ഡയറക്ടർ ഡോ.ജോയ് ഇളമൺ ഉദ്ഘാടനം ചെയ്തു. ക്ലീൻ കേരള കമ്പനിയുടേയും ഈ പരിശീലനപരിപാടിയുടേയും ലക്ഷ്യങ്ങളെക്കുറിച്ച് മാനേജിംഗ് ഡയറക്ടർ കേശവൻ നായർ വിശദീകരിച്ചു. ഷ്രെഡ്ഡ് പ്ലാസ്റ്റിക്കിന്റെ ശേഖരണം, വിനിയോഗം എന്നിവയെക്കുറിച്ച് ക്ലീൻ കേരള കമ്പനി പ്രോജക്ട് മാനേജർ ശ്രീജിത്ത് സംസാരിച്ചു. കില കോർഡിനേറ്റർ എം.രേണുകുമാർ, ഹരിത കേരളം തൃശ്ശൂർ ജില്ലാ കോർഡിനേറ്റർ ജയകുമാർ എന്നിവർ സംസാരിച്ചു.

തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിലെ മികച്ച വികസനപദ്ധതികളെ പരിചയപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട് കില സംഘടപ്പിച്ച നേർകാഴ്ച പരിപാടിയിൽ ദുരന്തനിവാരണ മാനേജ്മെന്റ് വിദഗ്ദ്ധൻ മുരളി തുമ്മാരുകുടി സംസാരിക്കുന്നു

ശാസ്ത്രീയകൃഷിക്കു ഗ്രാമങ്ങളെ മാറ്റിയെടുക്കണം: മുരളി തുമ്മാരകുടി

ശാസ്ത്രീയമായ കൃഷിരീതി അവലംബിച്ചാൽ കൃഷിക്കു ഏറ്റവും സാദ്ധ്യതയുള്ള സംസ്ഥാനമാണ് കേരളമെന്നു ദുരന്തനിവാരണ മാനേജ്മെന്റ് വിദഗ്ദ്ധൻ മുരളി തുമ്മാരുകുടി പറഞ്ഞു. തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിലെ മികച്ച വികസനപദ്ധതികളെ പരിചയപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട് കില സംഘടപ്പിച്ച നേർകാഴ്ച പരിപാടിയിൽ കൃഷി, ടൂറിസം, സുസ്ഥിരവികസനം എന്നീ വിഷയങ്ങളെക്കുറിച്ച് സംസാരിക്കുകയായിരുന്നു അദ്ദേഹം.

കേരളത്തിലെ ടൂറിസവികസനത്തിനും ഓട്ടേറെ സാദ്ധ്യതകളാണുള്ളത്. കുമരകവും കോവളവും മൂന്നാറും കാണാനല്ല ടൂറിസ്റ്റുകളെത്തുന്നത്. നഗര-ഗ്രാമ വ്യത്യാസമില്ലാത്ത നമ്മുടെ സാമൂഹ്യവികസനം കാണാനാണ് അവർക്കു താൽപര്യമെന്ന് മുരളി തുമ്മാരകുടി പറഞ്ഞു.

ജില്ലാകലക്ടർ ടി. വി അനുപമ, തൃശ്ശൂർ റേഞ്ച് ഐ.ജി. എം.ആർ.അജിത്കുമാർ, കില ഡയറക്ടർ ഡോ. ജോയ് ഇളമമൺ എന്നിവർ സംസാരിച്ചു.

കുണ്ടറ മണ്ഡലത്തിലെ വികസനപദ്ധതിയുമായി ബന്ധപ്പെട്ട
അവലോകന യോഗത്തിൽ മന്ത്രി **മേഴ്സിക്കുട്ടിയമ്മ** സംസാരിക്കുന്നു

കുടിവെള്ളക്ഷാമം നേരിടാൻ കുണ്ടറ മണ്ഡലത്തിൽ മുൻകരുതൽ

കൊല്ലം ജില്ലയിലെ കുണ്ടറ നിയോജകമണ്ഡലത്തിൽ കുടിവെള്ളക്ഷാമം നേരിടാൻ എല്ലാ മുൻകരുതലുകളും കൈകൊള്ളണമെന്നു ഫിഷറീസ് വകുപ്പുമന്ത്രി ജെ.മേഴ്സിക്കുട്ടിയമ്മ ഉദ്യോഗസ്ഥർക്കു നിർദ്ദേശം നൽകി. കുണ്ടറ മണ്ഡലത്തിന്റെ സമഗ്രവികസനത്തിനു മന്ത്രി രൂപം നൽകിയ ഇടം പദ്ധതിയുടെ അവലോകനയോഗത്തിൽ സംസാരിക്കുകയായിരുന്നു മന്ത്രി. ജനപ്രതിനിധികളും ഉദ്യോഗസ്ഥരും യോഗത്തിൽ സംബന്ധിച്ചു. ജലക്ഷാമം നേരിടുന്ന വീടുകളുടെ വിശദാംശങ്ങൾ പഞ്ചായത്തുകൾ ശേഖരിക്കണം. ഗുരുതര രോഗമുള്ളവരെ കണ്ടെത്തി അവർക്കു ആവശ്യമുള്ള മരുന്നുകൾ നൽകുന്നതും പദ്ധതിയുടെ ഭാഗമാണ്. 7,10,12 ക്ലാസ്സുകളിലെ വിദ്യാർത്ഥികളുടെ പഠനനിലവാരം ഉറപ്പുവരുത്താൻ നടപടികളെടുക്കും. അതിനായി വിദ്യാസമ്പന്നരായ യുവാക്കളുടെ അധ്യാപകബാങ്കിനും രൂപം നൽകും. പിന്നോക്ക വിഭാഗങ്ങളിൽനിന്നുള്ള വിദ്യാർത്ഥികൾക്കു പഠനോപകരണങ്ങളുൾപ്പെടെ എല്ലാ സഹായവും ചെയ്യും. മണ്ഡലത്തിലെ ഒമ്പതു പഞ്ചായത്തുകളിലും ജൈവകൃഷി വ്യാപിപ്പിക്കും. അതിനായി ഓരോ പഞ്ചായത്തിൽനിന്നും 50 വീടുകൾ വീതം തെരഞ്ഞെടുക്കണം.

ചിറ്റുമല ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് സി.സന്തോഷ് അദ്ധ്യക്ഷനായിരുന്നു. മുഖത്തല ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് എസ്. രാജീവ്, പ്രോജക്ട് നോഡൽ ഓഫീസർ, കിലയിലെ ഫാക്കൽററി വി.സുധീശൻ എന്നിവർ സംസാരിച്ചു.

ഭൂട്ടാനിൽനിന്നുള്ള ഉദ്യോഗസ്ഥർക്കു കിലയിൽ സംഘടിപ്പിച്ച പരിശീലനപരിപാടി

ഭൂട്ടാനിലെ ഉദ്യോഗസ്ഥർക്കു കിലയിൽ പരിശീലനം

പെർഫോർമൻസ് മാനേജ്മെന്റിൽ ഭൂട്ടാനിൽനിന്നുള്ള ഉദ്യോഗസ്ഥർക്കു അഞ്ചുദിവസത്തെ പരിശീലനം കിലയിൽ സംഘടിപ്പിച്ചു. ഭൂട്ടാൻ റോയൽ മിനിസ്ട്രി, പ്ലാനിംഗ് ഡിവിഷൻ, സ്റ്റാറ്റസ്റ്റിക്സ് ഡിവിഷൻ, പെർഫോർമൻസ് മാനേജ്മെന്റ് ഡിവിഷൻ എന്നീ വിഭാഗങ്ങളിൽനിന്നുള്ള ഓഫീസർമാരാണ് പരിശീലനത്തിനു എത്തിയത്. കോഴ്സ് ഡയറക്ടർ ഡോ.ജെ.ബി.രാജൻ ആമുഖപ്രഭാഷണം നടത്തി.

ഇന്ത്യയിലെ പ്രാദേശിക ഭരണസംവിധാനം, കേരളത്തിലെ പ്രാദേശിക ഭരണസംവിധാനം, കേരളത്തിലെ ജനകീയാസൂത്രണം, കുടുംബശ്രീയുടെ പ്രവർത്തനം, പെർഫോർമൻസ് മാനേജ്മെന്റ്, തുടങ്ങിയ വിഷയങ്ങളിലായിരുന്നു പരിശീലനം. കില പ്രൊഫ.ഡോ.സണ്ണി ജോർജ്, ഡോ. പീറ്റർ എം.രാജ്, ഡോ.ജെ.ബി.രാജൻ എന്നിവർ പരിശീലനത്തിനു നേതൃത്വം നൽകി. തൃശ്ശൂർ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ഓഫീസ്, ജില്ലാപ്ലാനിംഗ് ഓഫീസ്, വലപ്പാട് ഗ്രാമപഞ്ചായത്ത് എന്നിവിടങ്ങളിൽ സന്ദർശിച്ച സംഘം, പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ പി.ജെ.ജെയിംസ്, ജില്ലാപ്ലാനിംഗ് ഓഫീസർ മായ, ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ഇ.കെ. തോമസ് എന്നിവരുമായി ചർച്ച നടത്തി. കില ഡയറക്ടർ ഡോ.ജോയ് ഇളമണുമായി ഭൂട്ടാൻസംഘം ഭാവി പരിപാടികൾ ചർച്ച ചെയ്തു.

ചോദ്യങ്ങൾക്കു മറുപടി

? സർക്കാർ ജീവനക്കാരുടെ സ്വത്തുവിവര പത്രികാസമർപ്പണം എങ്ങനെയാണ് നടത്തേണ്ടത്?

● 1960 ലെ കേരള സർക്കാർ ജീവനക്കാരുടെ പെരുമാറ്റ ചട്ടങ്ങളിലെ 37-ാം ചട്ടപ്രകാരം പാർട്ടൈം കണ്ടിജന്റ് ജീവനക്കാർ ഒഴികെയുള്ള എല്ലാ ജീവനക്കാരും ഓരോ വർഷവും ജനുവരി 15-ാം തിയതിക്കകം മുൻവർഷത്തിൽ അവരുടെ കൈവശത്തിലോ അവർക്കു മറ്റ് ഏതെങ്കിലും അവകാശങ്ങളിലോ ഉള്ള സ്ഥാവരജംഗമസ്വത്തുക്കളും മറ്റു നിക്ഷേപങ്ങളും സംബന്ധിച്ച പത്രിക സമർപ്പിക്കേണ്ടതാണ്. ഇപ്പോൾ ഇങ്ങനെയുള്ള പത്രികാസമർപ്പണം ഓൺലൈൻ വഴിയാണ് നടത്തേണ്ടത്. സ.ഉ. (കൈ) 32/2007/പൊ.ഭ.വ. തീയതി 24.1.2007 ഉത്തരവുപ്രകാരം ഓൺലൈൻ വഴി തന്നെ നടത്തണമെന്ന് തീരുമാനിച്ചിട്ടുണ്ട്. ആയതിനാൽ 2018 ലെ സ്വത്തുവിവര പത്രികാസമർപ്പണം 2019 ജനുവരി 15 നുമുമ്പ് ഓൺലൈൻ വഴി നടത്തേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്കു www.finance.kerala.gov.in എന്ന വെബ്സൈറ്റ് കാണുക.(സർക്കുലർ നമ്പർ 123/എസ്.എസ്/2/2018.ഫിൻ.28.12.18)

? അക്രഡിറ്റഡ് ഏജൻസികൾ വഴി നിർമ്മാണപ്രവൃത്തികൾ നടത്തുമ്പോൾ അതിന്റെ മൂല്യനിർണയം ആരാണ് നടത്തേണ്ടത്?

● അക്രഡിറ്റഡ് ഏജൻസികൾ വഴി നിർമ്മാണപ്രവൃത്തികൾ നടത്തുമ്പോൾ അതിന്റെ സൂപ്പർവിഷൻ, മെഷർമെന്റ്. ചെക്ക് മെഷർമെന്റ്, വാല്യുവേഷൻ എന്നിവ തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ ആവശ്യപ്പെടുന്നതിനനുസരിച്ച് തദ്ദേശസ്വയംഭരണ എഞ്ചിനീയറിംഗ് വിഭാഗം ചെയ്തു തരേണ്ടതാണ്. (സർക്കുലർ നമ്പർ എ.സി.3/163/2017 തസ്വഭവ.1.8.2018)

? ഒരു തദ്ദേശസ്വയംഭരണസ്ഥാപനത്തിന്റെ 1.80 കോടി രൂപയുടെ നിർമ്മാണപ്രവൃത്തി അക്രഡിറ്റഡ് എജൻസിയെ ഏൽപ്പിച്ചിരിക്കുകയാണ്. ആയതിന്റെ അംഗീകാരനടപടികൾ എങ്ങനെയായിരിക്കണം?

● നിർമ്മാണപ്രവൃത്തികളുടെ എസ്റ്റിമേറ്റിനു അംഗീകാരവും സാങ്കേതികാനുമതിയും നൽകേണ്ടത് നിർവഹണ ഉദ്യോഗസ്ഥന്റെ തൊട്ടുമുകളിലുള്ള പദവിയിലെ എഞ്ചിനിയറാണ്. എന്നാൽ എസ്റ്റിമേറ്റ് തുക അനുസരിച്ച് ഇതിനു വ്യത്യാസമുണ്ട്. 1.80 കോടി എസ്റ്റിമേറ്റാകുമ്പോൾ സൂപ്രണ്ടിംഗ് എഞ്ചിനിയറാണ് അനുമതി നൽകേണ്ടത്. (പദ്ധതി മാർഗ്ഗരേഖ സ.ഉ. (കൈ)11/2018 തസ്വഭവ.29.1.2018 സ.ഉ. (കൈ)17/2018.തസ്വഭവ.2.2.2018 ഖണ്ഡിക 3.8.2.(2). നിർമ്മാണണം അക്രഡിറ്റഡ് ഏജൻസികളെ ഏൽപ്പിക്കുമ്പോൾ ധനകാര്യവപ്പ് നിശ്ചയിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കു വിധേയമായി ഓരോ ഏജൻസിക്കും അനുവാദം നൽകിയിട്ടുള്ള പ്രവൃത്തികളും പരിധിയും കണക്കിലെടുത്ത് നിർവഹണം ഏൽപ്പിക്കാവുന്നതാണ്. (സ.ഉ.(കൈ)11/2018 തസ്വഭവ.29.1.18 ഖണ്ഡിക.11.2.(സി). ഇത്തരം പ്രവൃത്തികളുടെ സാങ്കേതികാനുമതി ധനുവകുപ്പിന്റെ സ.ഉ. 9പി)311/2014 ഫിൻ 3.7.2014 ലെ ഉത്തരവിലെ അനുബന്ധം 11 (8) പ്രകാരമുള്ള നടപടികളിലൂടെ നേടിയിരിക്കേണ്ടതാണ്.

? പട്ടികജാതി വിദ്യാർത്ഥികൾക്കു പഠനോപകരണങ്ങൾ എന്ന പദ്ധതിയിൽ ടെണ്ടർ ക്ഷണിച്ചപ്പോൾ സ്റ്റീലിന്റെ മേശയും ഫൈബർ കസേരയുമാണ് ടെണ്ടർ ലഭിച്ചിരിക്കുന്നത്. അവ വാങ്ങി നൽകാമോ?

● പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കു മേശയും കസേരയും വാങ്ങി നൽകുന്നതിനാണ് പ്രോജക്ട് എങ്കിൽ അതു സ്റ്റീൽ അല്ലെങ്കിൽ മരംകൊണ്ടു നിർമ്മിച്ചതുതന്നെയായിരിക്കണം എന്നു മാർഗ്ഗരേഖയിൽ വ്യക്തമാക്കിയിട്ടുണ്ട്. അതിനാൽ ഫൈബർ കസേര വാങ്ങാൻ അനുവാദമില്ല. (സ.ഉ.(കൈ)22/2018/തസ്വഭവ. തീയതി.14.2.2018 ഖണ്ഡിക.7.2.7)

ചോദ്യങ്ങൾക്ക് മറുപടി

പഞ്ചായത്ത് നിയമവുമായി ബന്ധപ്പെട്ട എല്ലാ സംശയങ്ങൾക്കും ബന്ധപ്പെടുക. കില ഹെൽപ് ഡെസ്ക്. ഫോൺ നമ്പർ-0487 2455000

പഞ്ചായത്തുദിനാഘോഷം: തുക ചെലവഴിക്കാൻ അനുമതി

2019 ഫെബ്രുവരി 18,19 തീയതികളിൽ തൃശ്ശൂരിൽ നടക്കുന്ന പഞ്ചായത്ത് ദിനാഘോഷത്തിന്റെ നടത്തിപ്പിനായി തൃശ്ശൂർ ജില്ലയിലെ ഗ്രാമപഞ്ചായത്തുകളിൽനിന്ന് 20,000/-രൂപ വീതവും മറ്റു പതിമൂന്നു ജില്ലകളിലെ ഗ്രാമപഞ്ചായത്തുകളിൽനിന്ന് 15,000/-രൂപ വീതവും തനതു ഫണ്ടിൽനിന്നോ ജനറൽ പർപ്പസ് ഫണ്ടിൽനിന്നോ ചെലവഴിക്കാൻ അനുവദിച്ച് ഉത്തരവായി. എക്ബിഷനിൽ പങ്കെടുക്കുന്ന പഞ്ചായത്തുകൾക്കു 40,000/- രൂപ വീതം ചെലവഴിക്കാം. കൂടാതെ പഞ്ചായത്ത് ദിനാഘോഷത്തിൽ പങ്കെടുക്കുന്ന പ്രസിഡന്റ്/സെക്രട്ടറി എന്നിവർക്കു നിയമാനുസൃത യാത്രാപ്പടിയും താമസസൗകര്യത്തിനുള്ള ചെലവും പഞ്ചായത്തു ഫണ്ടിൽനിന്ന് ചെലവഴിക്കാവുന്നതാണ്.

കിലയിൽനിന്ന് വിരമിച്ച സി.ഡി. ലില്ലിക്ക് കില ഡയറക്ടർ ഡോ.ജോയ് ഇളമൺ ഉപഹാരം സമ്മാമിക്കുന്നു.

നേട്ടങ്ങളുടെ പട്ടികയിൽ കേരളം ഒന്നാമത്

മികച്ച ആരോഗ്യസേവനം ലഭ്യമാക്കുന്നതിലും വിദ്യാഭ്യാസമികവിലും ജനങ്ങളുടെ പട്ടിണിയകറ്റുന്നതിലും കേരളം മുന്നിൽ. പരിസ്ഥിതി, സാമൂഹിക, സാമ്പത്തിക മേഖലയിലുൾപ്പെടെ കൈവരിച്ച വളർച്ചയുടെ അടിസ്ഥാനത്തിൽ നീതി ആയോഗ് പുറത്തിറക്കിയ സംസ്ഥാനങ്ങളുടെ റാങ്കിങ്ങിലാണ് കേരളം മുന്നിലെത്തിയത്. ഐക്യരാഷ്ട്ര സംഘടനയുടെ സഹകരണത്തോടെ തയ്യാറാക്കിയ സുസ്ഥിര വികസന സൂചിക നീതി ആയോഗ് ഉപാദ്ധ്യക്ഷൻ രാജീവ് കുമാറാണ് പുറത്തിറക്കിയത്. പതിമൂന്നു മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ പട്ടികയിൽ കേരളത്തിനു പുറത്ത് ഹിമാചൽ പ്രദേശും തമിഴ്നാടുമാണ് മികവിൽ മുന്നിട്ടു നിൽക്കുന്നത്. വിവിധ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ മാർക്കിട്ടപ്പോൾ കേരളത്തിനും ഹിമാചൽ പ്രദേശിനും 100 ൽ 69 മാർക്കു വീതം കിട്ടി. തമിഴ്നാടിനു ലഭിച്ചതു 66 മാർക്ക്.

മികച്ച ആരോഗ്യസേവനം ലഭ്യമാക്കുന്നതിലും വിദ്യാഭ്യാസമികവിലും ജനങ്ങളുടെ പട്ടിണിയകറ്റുന്നതിലും കേരളം മുന്നിൽ. പരിസ്ഥിതി, സാമൂഹിക, സാമ്പത്തിക മേഖലയിലുൾപ്പെടെ കൈവരിച്ച വളർച്ചയുടെ അടിസ്ഥാനത്തിൽ നീതി ആയോഗ് പുറത്തിറക്കിയ സംസ്ഥാനങ്ങളുടെ റാങ്കിങ്ങിലാണ് കേരളം മുന്നിലെത്തിയത്.

ഇത്രയും വിപുലമായ പഠനത്തിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനങ്ങളുടെ വളർച്ച സംബന്ധിച്ച സൂചിക തയ്യാറാക്കുന്നത് ഇതാദ്യമായിട്ടാണെന്നു രാജീവ് കുമാർ പറഞ്ഞു. ആഗോളതലത്തിൽ സുസ്ഥിരവികസനം യാഥാർത്ഥ്യമാക്കാനുള്ള ഐക്യരാഷ്ട്ര സംഘടനാ പദ്ധതിയുടെ ഭാഗമായാണ് പട്ടിക തയ്യാറാക്കിയത്. പട്ടിണി മാറ്റുന്നതിൽ കൈവരിച്ച നേട്ടമാണ് കേരളത്തെ മികവിലേക്കു നയിച്ചത്. പട്ടിണിരഹിത സംസ്ഥാനങ്ങളിൽ ഗോവ, മിസോറാം, മണിപ്പൂർ, നാഗാലാന്റ് എന്നീ സംസ്ഥാനങ്ങളും മുൻനിരയിലുണ്ട്. വിദ്യാഭ്യാസ, ആരോഗ്യമേഖലകളിലും ലിംഗ സമത്വം ഉറപ്പാക്കുന്നതിലും മറ്റു സംസ്ഥാനങ്ങളെ കേരളം പിന്നിലാക്കി. അതേസമയം സ്ത്രീകൾക്കു സുരക്ഷിത ജീവിതസാഹചര്യം ഒരുക്കുന്നതിലും സാമ്പത്തിക വളർച്ചയിലും മറ്റും ഇനിയും മുന്നേറാനുണ്ടെന്നു റിപ്പോർട്ട് പറയുന്നു.

ശുചിത്വം, പരിസ്ഥിതിസംരക്ഷണം എന്നിവയിലെ മികവാണ് ഹിമാചൽ പ്രദേശിനെ മുന്നിലെത്തിച്ചത്. ഉത്തർപ്രദേശ് (42 മാർക്ക്), ബീഹാർ (48 മാർക്ക്), ആസാം (49 മാർക്ക്) എന്നിവയാണ് പട്ടികയിൽ പിന്നിലുള്ള സംസ്ഥാനങ്ങൾ.

ഐ.പി.എസ് പ്രൊബേഷണറി ഓഫീസർമാർക്കു കിലയിൽ സംഘടിപ്പിച്ച പരിശീലനപരിപാടി

ഐ.പി.എസ് പ്രൊബേഷണർമാർക്കു പരിശീലനം

പുതുതായി നിയമനം ലഭിച്ച ഐ.പി.എസ്.പ്രൊബേഷണർ ഓഫീസർമാർക്കു പ്രാദേശിക ഭരണസംവിധാനത്തെക്കുറിച്ച് കിലയിൽ പരിശീലനം നൽകി. രേഷ്മ രമേശൻ, സ്വപ്നിൽ മധുകർ, ആർ. ആനന്ദ്, അങ്കിത അശോകൻ, വിവേക് കുമാർ, ഐശ്വരി ഡോഗ്രി എന്നീ കേരള കേഡർ ഐ.പി.എസുകാരാണ് മൂന്നു ദിവസത്തെ പരിശീലനത്തിൽ പങ്കെടുത്തത്.

കേരളത്തിലെ പ്രാദേശിക ഭരണസംവിധാനം, സംസ്ഥാനത്തെ ത്രിതല പ്രാദേശിക ഭരണകൂടങ്ങൾ, പങ്കാളിത്ത ആസൂത്രണം, ഗ്രാമസഭ, ജാഗ്രതാസമിതി, ജില്ലാതല ഭരണകൂടം, നഗര-ഗ്രാമഭരണവും അധികാരഘടനയും, ജില്ല ആസൂത്രണസമിതി, തുടങ്ങിയ വിഷയങ്ങളിലായിരുന്നു പരിശീലനം. കില പ്രൊഫ. ഡോ. സണ്ണി ജോർജ്, അസോസിയേറ്റ് പ്രൊഫസർമാരായ ഡോ. പീറ്റർ എം. രാജ്, ഡോ.ജെ.ബി.രാജൻ, തൃശ്ശൂർ അസി. കലക്ടർ പ്രേം കൃഷ്ണൻ ഐ.എ.എസ്, തൃശ്ശൂർ കോർപ്പറേഷൻ സെക്രട്ടറി വിനു.സി.കുഞ്ഞപ്പൻ, കില റിസോഴ്സ് പേഴ്സൺമാരായ പി.വി.രാമകൃഷ്ണൻ, എം. രേണുകുമാർ, എം.ജി. കാളിദാസൻ തുടങ്ങിയവർ പരിശീലനത്തിനു നേതൃത്വം നൽകി.

ചേർപ്പ് ഗ്രാമപഞ്ചായത്ത്, ചേർപ്പ് ബ്ലോക്ക് പഞ്ചായത്ത്, തൃശ്ശൂർ ജില്ലാ പഞ്ചായത്ത് എന്നിവിടങ്ങൾ സന്ദർശിച്ച സംഘം അവിടത്തെ പ്രവർത്തനരീതികളെക്കുറിച്ച് ജനപ്രതിനിധികളും ഉദ്യോഗസ്ഥരുമായും ചർച്ച നടത്തി.

മഹാത്മജിയുടെ ഗ്രാമസ്വരാജും പഞ്ചായത്തിരാജും എന്ന വിഷയത്തിൽ കില സംഘടിപ്പിച്ച ഏകദിനസെമിനാറിൽ മുൻ ചീഫ് സെക്രട്ടറി **എസ്.എം.വിജയാനന്ദ്** മുഖ്യപ്രഭാഷണം നടത്തുന്നു.

മഹാത്മജിയുടെ ഗ്രാമസ്വരാജും പഞ്ചായത്തിരാജും കിലയിൽ ഏകദിന സെമിനാർ

മഹാത്മജിയുടെ ഗ്രാമസ്വരാജും പഞ്ചായത്തിരാജും എന്ന വിഷയത്തിൽ കിലയിൽ ഏകദിന സെമിനാർ സംഘടിപ്പിച്ചു.മുൻ ചീഫ് സെക്രട്ടറി എസ്.എം.വിജയാനന്ദ് മുഖ്യ പ്രഭാഷകനായിരുന്നു.

ഗാന്ധിജിയുടെ പഞ്ചായത്തിരാജ് ഇന്ത്യയ്ക്കുവേണ്ടിയുള്ളതായിരുന്നുവെന്നും പഞ്ചായത്തുകളെ മാത്രം ഉദ്ദേശിച്ചല്ലായിരുന്നുവെന്നും വിജയാനന്ദ് പറഞ്ഞു. കേരളത്തിലുൾപ്പെടെ രാജ്യത്ത് പഞ്ചായത്ത് രാജ് സംവിധാനത്തിൽ വിശ്വസിക്കുന്നവരുടെ എണ്ണം കുറഞ്ഞുവരികയാണ്. സ്വാതന്ത്ര്യസമരത്തിൽ പങ്കെടുത്തവരെല്ലാം സാധാരണക്കാരായിരുന്നു. വിദ്യാർത്ഥികൾ, തൊഴിലാളികൾ, അധ്യാപകർ, വക്കീലന്മാർ തുടങ്ങി സമസ്ത മേഖലയിലുള്ളവരും പങ്കെടുത്തു. സ്വാതന്ത്ര്യം കിട്ടുമെന്നു വിശ്വസിച്ചല്ല അവരെല്ലാം സമരത്തിൽ പങ്കെടുത്തത്. ഗാന്ധിജി നയിച്ച ഇന്ത്യയിലെ സ്വാതന്ത്ര്യസമരമായിരുന്ന ലോകം കണ്ട ഏറ്റവും വലിയ സ്വാതന്ത്ര്യസമരമെന്നു മുൻ മുഖ്യമന്ത്രി സി. അച്യുതമേനോൻ ഒരു സ്വകാര്യസംഭാഷണത്തിൽ തന്നോടു പറഞ്ഞ കാര്യം അദ്ദേഹം അനുസ്മരിച്ചു.

മനുഷ്യന്റെ പെരുമാറ്റം കൊണ്ടാണ് പ്രകൃതിയെ സംരക്ഷിക്കേണ്ടതെന്നു ഗാന്ധിജിക്കു നിർബന്ധമുണ്ടായിരുന്നു. ഭരണനിർവഹണത്തിൽ ജനങ്ങളുടെ അഭിപ്രായം പ്രധാനപ്പെട്ടതാണ്. വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർമാർ ജനങ്ങളുമായി കൂടുതൽ ഇടപഴകണം. അഭിപ്രായ വ്യത്യാസങ്ങൾ ഒരിക്കലും മനുഷ്യബന്ധത്തിനു തടസ്സമാകരുത്. ഏതു വിഷയത്തെക്കുറിച്ചും ചർച്ച ചെയ്യുക എന്നതു ഇന്ത്യൻ സംസ്കാരത്തിന്റെ അവിഭാജ്യഘടകമാണ്.

എല്ലാവരും എന്തെങ്കിലും ജോലി ചെയ്യണമെന്നാണ് ശ്രമദാനംകൊണ്ട് ഗാന്ധിജി ഉദ്ദേശിച്ചത്. ഭൂമി എല്ലാവരുടേതുമാണ്. സ്ത്രീ അമ്മയും പെങ്ങളും മകളുമാണെന്ന മനോഭാവമാണ് എല്ലാവരിലുമുണ്ടാകേണ്ടത്. ദാരിദ്ര്യനിർമ്മാർജനത്തിലൂടെ എല്ലാവർക്കും സ്വാതന്ത്ര്യം എന്നതാണ് സ്വരാജുകൊണ്ട് ഉദ്ദേശിക്കുന്നത്. ബോധവൽക്കരണത്തിലൂടെ തെറ്റും ശരിയും കണ്ടെത്താൻ കഴിയണം. മാലിന്യമുക്തമാണ് നല്ല ഗ്രാമത്തിന്റെ ലക്ഷ്യം. ഒരാൾ ചെയ്യുന്ന തെറ്റിനുതുല്യമാണ് മാലിന്യം. സാനിറ്റേഷന്റെ കാര്യത്തിൽ എല്ലാവരും തുല്യരാകണം. ഈ കാര്യത്തിൽ മാത്രമേ ഗാന്ധിജി പടിഞ്ഞാറൻ രാജ്യങ്ങളെ പ്രശംസിച്ചിട്ടുള്ളൂ. മദ്യവും മയക്കുമരുന്നു ഏറ്റവും കൂടതൽ ഉപയോഗിക്കുന്ന രണ്ടാമത്തെ സംസ്ഥാനം കേരളമാണെന്നും ഒന്നാം സ്ഥാനം പഞ്ചാബിനുമാണെന്നു വിജയാനന്ദ് പറഞ്ഞു.

കില ഡയറക്ടർ ഡോ. ജോയ് ഇളമൺ സ്വാഗതമാശംസിച്ചു. മഹാത്മാഗാന്ധി സർവകലാശാല റിട്ട. പ്രൊഫ. എം.പി.മത്തായി, ഗാന്ധിസ്മാരക നിധി മുൻ സെക്രട്ടറി കെ.ജി. ജഗദീശൻ, കില പ്രൊഫ. ഡോ. സണ്ണി ജോർജ്, ഡോ.കെ.പി.എൻ അമൃത, മാധ്യമ പ്രവർത്തകൻ അജിതി വെണ്ണിയൂർ തുടങ്ങിയവർ സംസാരിച്ചു. ജനപ്രതിനിധികൾ, വിവിധ കോളേജുകളിൽനിന്നുള്ള വിദ്യാർത്ഥികൾ, കില റിസോഴ്സ് പേഴ്സൺമാർ, ഉദ്യോഗസ്ഥർ തുടങ്ങിയവരാണ് സെമിനാറിൽ പങ്കെടുത്തത്.

ലോക ഊർജ്ജസംരക്ഷണത്തിന്റെ (ഡിസംബർ-14) ഭാഗമായി കിലയിൽ ജീവനക്കാർ ഊർജ്ജസംരക്ഷണ പ്രതിജ്ഞയെടുക്കുന്നു.

KILA News letter Published By Dr. Joy Elamon, Director, Kerala Institute of Local Administration, Mulamkunnathukavu (P.O) Thrissur-680581 **(for private circulation only)**